# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 385          12/05/2017-ൽ മറുപടിയ്ക്ക്

**ചുമട്ടു തൊഴിലാളികളുടെ തൊഴിൽ കുറയുന്ന സാഹചര്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. വിജയൻ പിള്ള<br>" സി. കൃഷ്ണൻ<br>" എം. നൗഷാദ്<br>" പി.കെ. ശശി | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കയറ്റിറക്ക മേഖലയിൽ യന്ത്ര സഹായത്തോടെയുള്ള കയറ്റിറക്ക് വർദ്ധിച്ചതും ആവശ്യത്തിലധികം കാർഡുകൾ ഉദ്യോഗസ്ഥർ ഏകപക്ഷീയമായി നൽകുന്നതും ചുമട്ടു തൊഴിലാളികൾക്ക് തൊഴിൽ കുറയുന്ന സാഹചര്യമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കയറ്റിറക്ക് മേഖലയിൽ യന്ത്രസഹായത്തോടെയുള്ള കയറ്റിറക്ക് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥർ ഏകപക്ഷീയമായി കാർഡുകൾ നൽകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) ഇത്തരം സാഹചര്യത്തിൽ ഒറ്റപ്പെട്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ചുമട്ടു തൊഴിലാളികളെയാകെ പിടിച്ചു പറിക്കാരായി ചിത്രീകരിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനും ഈ മേഖലയിലെ തൊഴിൽ നഷ്ടപരിഹാരത്തിനായി നിയോഗിച്ച കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) ചുമട്ടുതൊഴിൽ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) മുൻ സർക്കാർ ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്നിടത്ത് ഈ സർക്കാർ ആറരക്കോടി രൂപ അനുവദിച്ചത് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനു സാധ്യമാക്കിയെങ്കിലും കുടിശ്ശിക ആനുകൂല്യങ്ങൾ നൽകാനുള്ള തുക കൂടി അധികമായി അനുവദിക്കുവാൻ തയ്യാറാകുമോ? | (സി) കുടിശ്ശിക ആനുകൂല്യങ്ങൾ നൽകുന്നതു സംബന്ധിച്ച ശുപാർശ ലേബർ കമ്മീഷണറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ